# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/261/2016 പത്രക്കുറിപ്പ് 2016 ഡിസംബർ 07

**പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ**
2016-ലെ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ കോഴ്സ് ഒന്നും രണ്ടും പരീക്ഷകൾ ഡിസംബർ 10, 2017 ജനുവരി 7 തീയതികളിൽ കോട്ടയം സി.എം.എസ് കോളേജിലും കോഴ്സ് മൂന്ന് പരീക്ഷ അതതു ഗവേഷണ കേന്ദ്രങ്ങളിലും വെച്ച് നടത്തും

**പുതുക്കിയ പരീക്ഷാ തീയതി**
ഡിസംബർ 6ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്, ബി.എസ്.സി ഫിസിക്സ് (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 14ന് നടത്തും. 2009, 2010 അഡ്മിഷൻ വിദ്യാർത്ഥികൾ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിലും 2011, 2012 അഡ്മിഷൻ വിദ്യാർത്ഥികൾ അതാത് കോളേജുകളിലും പരീക്ഷക്കായി ഹാജരാകേണ്ടതാണ്.

**വൈവാ വോസി പരീക്ഷ**
നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോ മെഡിക്കൽ ഇൻസ്ട്രമെന്റേഷൻ (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷയുടെ വൈവാ വോസി ഡിസംബർ 9ന് ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ വച്ച് രാവിലെ 9 മുതൽ 4 വരെ നടത്തും.

**പരീക്ഷാ ഫലം**
2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (പി.ജി.സി.എസ്.എസ് – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 20 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ് –റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 20 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 20 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ് – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 20 വരെ സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2015 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 20 വരെ സ്വീകരിക്കും.

## ഇന്റർനാഷണൽ സ്റ്റുഡന്റ് ആന്റ് റിസർച്ച് സ്കോളേഴ്സ് മീറ്റ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റേയും ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെയും ആഭിമുഖ്യത്തിൽ ഡിസംബർ 9ന് കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ സംഗമം നടത്തും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പ്രോ വൈസ് ചാൻസിലർ ഡോ.ഷിനാ ഷുക്കൂർ അദ്ധ്യക്ഷത വഹിക്കും. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് തിരുവനന്തപുരം റീജണൽ ഓഫീസർ ശ്രീമതി മധുകങ്കണ റോയി, കുസാറ്റ് ഇന്റർനാഷണൽ സ്റ്റുഡന്റ്സ് സെന്റർ ഡയറക്ടർ ഡോ.സാജു കെ.കെ. സിൻഡിക്കേറ്റംഗം ഷെറഫുദ്ദീൻ, ഡോ.ഇന്ദുലേഖ, ഡോ. രാജു കെ. താടിക്കാരൻ, ഡോ. സി. വിനോദൻ, ഡോ. സജിമോൻ എബ്രഹാം എന്നിവർ പങ്കെടുക്കും. തുടർന്ന് വിവിധ രാജ്യങ്ങളിലെ സാമൂഹ്യ, സാംസ്കാരിക, കലാപരിപാടികൾ അവതരിപ്പിക്കപ്പെടും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9446224240

## എം.ജി ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെയും നാനോ സ്കെയിൽ സോളാർ സെൽസ് പദ്ധതിയുടെയും ഉദ്ഘാടനം ഇന്ന്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുന്ന ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നവേഷൻ സെന്ററിന്റെയും നാനോ സ്കെയിൽ സോളാർ സെൽസ് ഗവേഷണ പദ്ധതിയുടെയും ഉദ്ഘാടനവും സയൻസ് പാർക്കിന്റെ ശിലാസ്ഥാപനവും ഇന്ന് (ഡിസംബർ 8) ഉച്ചകഴിഞ്ഞ് 2.30ന് സർവ്വകലാശാല അസംബ്ലി ഹാളിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിക്കും. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക കേന്ദ്രത്തിന്റെ ഓഫീസിന്റെയും പരീക്ഷണശാലയുടെയും ഉദ്ഘാടനം സുരേഷ് കുറുപ്പ് എം.എൽ.എ നിർവ്വഹിക്കും. പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. കെ. ഹരികുമാർ, കെ. ഷെറഫുദ്ദീൻ, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ.ഉണ്ണി എന്നിവർ പങ്കെടുക്കും. അക്കാദമിക-ഗവേഷണ രംഗത്തെ സമഗ്ര സംഭാവനയ്ക്ക് പ്രൊഫ. സാബു തോമസിനും സ്തുത്യർഹമായ സേവനത്തിന് അനീഷ്കുമാർ കെ. സി യ്ക്കും വിദ്യാഭ്യാസ മന്ത്രി ചടങ്ങിൽ വച്ച് പുരസ്കാരം വിതരണം ചെയ്യും.

## അടിക്കുറിപ്പ്

എം.ജി സർവ്വകലാശാലയിൽ ഇന്ന് ശിലാസ്ഥാപനം നടത്തുന്ന നിർദ്ദിഷ്ട സയൻസ് പാർക്കിന്റെ മാതൃക

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)